**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 829** **17-09-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും നാളിതുവരെ എത്ര തുകയാണ് ഈയിനത്തിൽ വിനിയോഗിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | (എ) | 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ ശബരിമല മാസ്റ്റർപ്ലാൻ പദ്ധതികൾക്കായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും ആകെ 21,14,08,860/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. അതിൽ 20,92,81,058/- രൂപ ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി ചെലവഴിച്ചിട്ടുണ്ട്. ബാക്കി വരുന്ന 21,27,802/- രൂപ 2025-26 സാമ്പത്തിക വർഷത്തെ ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിയുടെ സ്ഥാപന ചെലവുകൾക്കായി ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതാണ്. കൂടാതെ 11.09.2025-ലെ സ.ഉ.(സാധാ) നം.2121/2025/റവ നമ്പർ ഉത്തരവ് പ്രകാരം 1,57,53,371/- രൂപ കൂടി അനുവദിച്ചിട്ടുണ്ട്.<br><br>ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലാ ഭരണകൂടം നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കും ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കുമായി 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ ആകെ 7,54,51,442/- രൂപ ദേവസ്വം വകുപ്പിൽ നിന്നും അനുവദിച്ച് നൽകുകയും അതിൽ നിന്നും ആകെ 11,19,63,926/- രൂപ ടി കാലയളവിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ബജറ്റ് വിഹിതത്തിന് ഉപരിയായി ശബരിമല തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കായി കഴക്കൂട്ടം, ചെങ്ങന്നൂർ, ചിറങ്ങര, എരുമേലി, നിലക്കൽ, മണിയങ്കോട് എന്നിവിടങ്ങളിൽ ഇടത്താവളങ്ങളുടെ നിർമാണം കിഫ്ബി (KIIFB) സഹായത്തോടെ നടന്നു വരുന്നു. 116 കോടി രൂപയാണ് ഈ പദ്ധതിക്ക് വകയിരുത്തിയിരിക്കുന്നത്. ആയതിൽ ആകെ 92,20,12,164.53/- രൂപ പദ്ധതിയുടെ പി.എം.സി.-യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. നിലയ്ക്കലിലുള്ള ഏഴ് വിരി |

| | | | |
|---|---|---|---|
| | | | കെട്ടിടങ്ങളിൽ മൂന്ന് വിരി കെട്ടിടങ്ങൾ 2024-25 ശബരിമല സീസണിനോടനുബന്ധിച്ച് തീർത്ഥാടകർക്കായി തുറന്ന് നൽകിയിരുന്നു. കൂടാതെ കഴക്കൂട്ടം, മണിയങ്കോട് ഇടത്താവളങ്ങളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിലെ നിർമ്മാണം പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ